ഹയർസെക്കന്ററി
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ്ബോർഡ്
ബിൽഡിംഗ്,
ശാന്തിനഗർ,
തിരുവനന്തപുരം.

നം.എഡി. എ1/37886/എച്ച്. എസ്.ഇ/2016 തീയതി: 27/11/2016

## സർക്കുലർ

വിഷയം: ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ജീവനകാര്യം - ഫുൾടൈം പ്രോഗ്രാം കോർഡിനേറ്റർ നിയമനം - സംബന്ധിച്ച്.

സൂചന: 19.08.2016 തീയതിയിലെ ഇതേ നമ്പർ പ്രകാരമുള്ള സർക്കുലർ

ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എൻ.എസ്.എസ് കോർഡിനേറ്ററെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി സൂചന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. മതിയായ അപേക്ഷകൾ ഇല്ലാതിരുന്നതിനാൽ എൻ.എസ്.എസ് മാന്വൽ പ്രകാരം വീണ്ടും അപേക്ഷ ക്ഷണിക്കുന്നു. താഴെ പറയുന്ന യോഗ്യതകൾ ഉള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഇതിന് മുൻപ് സമർപ്പിച്ചിട്ടുള്ളവർ വീണ്ടും സമർപ്പിക്കേണ്ടതില്ല.

### യോഗ്യതകൾ

എ. ഡി.ഇ.ഒ യുടെ റാങ്കിൽ താഴെയല്ലാത്ത ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ/വിദ്യാഭ്യാസ വകുപ്പ് ഓഫീസർ ആയിരിക്കണം

ബി. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസറായി കുറഞ്ഞത് 3 വർഷമെങ്കിലും സ്കൂൾ/കോളേജിൽ സേവനമനുഷ്ഠിച്ചിരിക്കണം.

സി. അപേക്ഷകർ TOC/TORC/ETI കളമശ്ശേരി - ൽ NSS Orientation പ്രോഗ്രാമിൽ പങ്കെടുത്തവരായിരിക്കണം

ഡി. പ്രോഗ്രാം കോഓർഡിനേറ്റർ ആയി തിരഞ്ഞെടുക്കുന്ന സമയത്ത് പ്രായം 50 വയസ്സിൽ കൂടുതൽ ആകാൻ പാടില്ല.

യോഗ്യതയുള്ള അപേക്ഷകരെ മാനുവൽ പ്രകാരമുള്ള സെലക്ഷൻ കമ്മിറ്റി ഇന്റർവ്യൂ നടത്തിയതിന് ശേഷം പ്രസ്തുത അപേക്ഷകരിൽ നിന്നും പ്രോഗ്രാം കോർഡിനേറ്ററെ തിരഞ്ഞെടുക്കുന്നതാണ്. ഡെപ്യൂട്ടേഷൻ/ കോൺട്രാക്റ്റ് വ്യവസ്ഥയിൽ തിരഞ്ഞെടുക്കുന്ന പ്രോഗ്രാം കോർഡിനേറ്ററുടെ നിയമന

കാലാവധി ആദ്യം 3 വർഷം ആയിരിക്കും. എന്നാൽ മികവിന്റെ അടിസ്ഥാനത്തിൽ കാലാവധി ഒരു വർഷത്തേയ്ക്ക് നീട്ടി നൽകുന്നത് പരിഗണിക്കുന്നതാണ്. എൻ.എസ്.എസ് മാന്വലിൽ നിഷ്കർഷിക്കുന്ന കർത്തവ്യങ്ങൾ സമയബന്ധിതമായി പ്രോഗ്രാം കോർഡിനേറ്റർ നിർവ്വഹിക്കേണ്ടതാണ്.

മേൽ പറഞ്ഞ യോഗ്യതയുള്ളവർ അപേക്ഷ 10/12/2016 തീയതി 5 പി.എം ന് മുൻപ് നേരിട്ടോ തപാൽ മുഖേനയോ ഹയർസെക്കന്ററി ഡയറക്ടറേറ്റ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 1 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

MS Faye

ഡയറക്ടർ

23